**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 5177 24.10.2011 ൽ മറുപടിക്ക്

**എടവനക്കാട്, നായരമ്പലം കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജിഡയുടേയും ഫിഷറീസ് വകുപ്പിന്റെയും ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് ജിഡയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ ; | (എ) | ജിഡയുടേയും ഫിഷറീസ് വകുപ്പിന്റെയും ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് ജിഡയിൽ നിന്നും 744 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഫണ്ട് ഇതുവരെ ജിഡയിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; ഫണ്ട് ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ബി) | ജിഡയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് തടസ്സം ഒന്നുമില്ല. ഈ പ്രവർത്തികളുടെ ടെൻഡർ നടപടികൾ നടന്നു വരികയാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കുന്ന മുറയ്ക്ക് ജിഡയിൽ നിന്നും ഫണ്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ